LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട ഹൊസബെട്ടു കടപ്പുറത്ത് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫിഷറീസ് വകുപ്പ് മുഖേന കോസ്റ്റൽപ്പുര പുദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം കണ്വതീർത്ഥ റോഡിനു സമീപത്തായി 13 ലക്ഷം രൂപ ചെലവിൽ കുടിവെള്ള പദ്ധതി നിർമ്മാണം നടന്നു വരുന്നു. ആയതിന്റെ ബോർവെൽ പ്രവൃത്തി പൂർത്തിയായി. ടാങ്ക് നിർമ്മാണം പുരോഗമിക്കുന്നു. ഹാർബർ എൻജിനീയറിംഗ് വകുപ്പാണ് നിർവ്വഹണ ഏജൻസി.

തീരദേശ ആശുപത്രി

237(529) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കടപ്പുറത്ത് സർക്കാർ സ്ഥാപിക്കാനുദ്ദേശിക്കുന്ന തീരദേശ ആശുപത്രികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് കസബ കടപ്പുറത്ത് ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള കാര്യം പരിശോധിച്ചുവരുന്നു. കാസർഗോഡ് പുഞ്ചാവി കടപ്പുറത്ത് നിലവിലുള്ള കുടുംബാരോഗ്യ ഉപകേന്ദ്രം വികസിപ്പിച്ച് തീരദേശ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് ആരംഭിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ

238(530) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(ഡി) ഇനിയും എന്തെങ്കിലും നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പൂർത്തിയാക്കാനുണ്ടോ എന്ന് വിശദീകരിക്കുമോ;

(ഇ) എങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി ഫിഷ് ലാന്റിംഗ് സെന്റർ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫിഷ് ലിന്റിംഗ് സെന്റർ നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടില്ല.

(സി) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ നബാർഡ് ധനസഹായത്തോടെ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് 60 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ലേല ഹാൾ, ഓഫീസ് കെട്ടിടം, ടോയ്‌ലറ്റ് ബ്ലോക്ക്, ഓട, ചുറ്റുമതിൽ, അപ്രോച്ച് റോഡ്, യാർഡ് ലെവലിങ്ങ് എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിൽ ലേല ഹാൾ നിർമ്മാണത്തിന് കരാറുകാരനുമായി ഉടമ്പടി വച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റു ഘടകങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് ആവശ്യമുള്ള 50 സെന്റ് സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വാങ്ങി നൽകാമെന്ന് തൃക്കുന്നപ്പുഴ പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമാക്കിയിട്ടില്ല. സ്ഥലം കൈമാറി ലഭിച്ചു കഴിഞ്ഞാൽ 10 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെയുള്ള മത്സ്യത്തൊഴിലാളി ക്ഷേമം

238(531) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്താനായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ ഈ പദ്ധതിയിൻകീഴിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാനായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം ഇതുവരെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തു തുക ചെലവിട്ടു എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly